## കേരളീയം തെരഞ്ഞെടുപ്പ് ചോദ്യാവലി

1. നാടിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ തെരഞ്ഞെടുപ്പുകൾക്ക് എത്രമാത്രം സ്വാധീനമുണ്ട് ?
2. തെരഞ്ഞെടുപ്പ് കാലത്ത് മുന്നണികൾ തമ്മിലുള്ള നിലവാരമില്ലാത്ത തർക്കങ്ങൾ മാത്രം മാധ്യമങ്ങളിൽ വാർത്തകളായി വരുന്നതിന് പിന്നിൽ ജനകീയ വിഷയങ്ങൾ ചർച്ചയാകരുത് എന്ന അജണ്ടയുണ്ടോ?
3. ജനങ്ങളുടെയും സ്ഥാനാർത്ഥിത്വം നൽകിയ രാഷ്ട്രീയ കക്ഷികളുടെയും താത്പര്യങ്ങൾ വിരുദ്ധമാകുമ്പോൾ ജനപ്രതിനിധികളുടെ നിലപാട് എന്താകണം?
4. ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തപ്പെടേണ്ടതുണ്ടോ? വിലയിരുത്തലിൽ മോശം പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെ തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് നൽകണോ? എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാകണം?
5. പ്രധാന മുന്നണികളെല്ലാം പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വികസന പദ്ധതികൾക്കായി നിലകൊള്ളുമ്പോൾ വികസനത്തിന്റെ ഇരകളാകുന്നവരുടെ സാധ്യതകൾ എന്തെല്ലാമാണ്?
6. നാളത്തെ കേരളം എങ്ങിനെയാകണം? അത്തരമൊരു കേരളം സൃഷ്ടിക്കാനുള്ള ഇച്ഛാശക്തിയുള്ള ഭരണകൂടത്തെ പ്രതീക്ഷിക്കാനുള്ള അർഹത നമ്മുടെ പൊതുസമൂഹത്തിനുണ്ടോ?
7. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഈ സങ്കൽപ്പത്തിന് സ്ഥാനമുണ്ടാകാൻ എന്തുചെയ്യണം?
8. തെരഞ്ഞെടുപ്പിൽ യഥാർത്ഥത്തിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ എന്തെല്ലാമാണ്?

### പ്രതികരണങ്ങൾ

# സുതാര്യത ജനാധിപത്യം ധാർമ്മികത

**അപ്പുക്കുട്ടൻ വള്ളിക്കുന്ന്**
**രാഷ്ട്രീയനിരീക്ഷകൻ**

**1**. ജനാധിപത്യം നിലനിൽക്കുന്നു എന്നതിന്റെ അവസാനത്തെ ഉറപ്പാണ് തെരഞ്ഞെടുപ്പ്. അടിയന്തരാവസ്ഥയിലെ ഏകാധിപത്യ വാഴ്ച, ഷണ്ഡീകരിച്ച പാർലമെന്റിനെയും ജുഡീഷ്യറിയെയും ഉപയോഗിച്ച് തെരഞ്ഞെടുപ്പ് ജനങ്ങൾക്കു നിഷേധിച്ചു. തെരഞ്ഞെടുപ്പില്ലാതായാലുള്ള രാജ്യത്തിന്റെയും ജനങ്ങളുടെയും അനുഭവങ്ങളുടെ ഏകദേശ രേഖാചിത്രമാണ് അടിയന്തരാവസ്ഥ. തെരഞ്ഞെടുപ്പുണ്ടായാലുള്ള അനുഭവമാണ് അടിയന്തരാവസ്ഥയും സെൻസർഷിപ്പും നിലനിൽക്കേ 1977-ൽ നടത്തിയ തെരഞ്ഞെടുപ്പ്. നാടിന്റെ യഥാർത്ഥ അധികാരം ആ തെരഞ്ഞെടുപ്പിലെ ജീവന്മരണപോരാട്ടത്തിലൂടെ ജനങ്ങൾ തിരിച്ചുപിടിച്ച് ഉറപ്പിക്കുകയായിരുന്നു. നമ്മുടെ രാജ്യം പാർലമെന്ററി ജനാധിപത്യത്തിൽ അധിഷ്ഠിതമാണ്. അതിലും മെച്ചപ്പെട്ട മറ്റൊരു ജനാധിപത്യ വ്യവസ്ഥ പകരം വെക്കാൻ കഴിയാത്തിടത്തോളം ഇന്നത്തെ തെരഞ്ഞെടുപ്പുകൾ ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. നാടിന്റെ ഭാവിയിലുള്ള ഉൽക്കണ്ഠയും നിലപാടുകളും പരിമിതികൾക്കുള്ളിൽ ജനങ്ങൾ തെരഞ്ഞെടുപ്പിൽ ഉയർത്തിപിടിക്കുന്നു.

**2**. കേരളത്തിന്റെ സവിശേഷ പരിതസ്ഥിതിയിൽ മാധ്യമങ്ങളിലെ ചർച്ചകൾ തെരഞ്ഞെടുപ്പജണ്ടയായി മാറുന്നു എന്ന പ്രത്യേകതയുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ അച്ചടി മാധ്യമങ്ങൾക്ക് പ്രചാരമുള്ള, ഏറ്റവും കൂടുതൽ ടി.വി. ചാനലുകൾ - വിശേഷിച്ച് 24 മണിക്കൂറും ഇടപെടുന്ന വാർത്താ ചാനലുകൾ- ഉള്ള



**സത്യസന്ധമെങ്കിൽ രാഷ്ട്രീയ കക്ഷികളുടെയും ജനങ്ങളുടെയും താൽപ്പര്യങ്ങൾ ഒന്നാകേണ്ടതാണ്. എന്നാൽ പാർട്ടിയെ നയിക്കുന്ന നേതാക്കളുടെ താൽപര്യങ്ങളാണ് പാർട്ടിയുടേതെന്ന നിലയിൽ പുറത്തുവരുന്നത്. ഇതു പലപ്പോഴും ജനങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാകും. പാർട്ടിക്കു കീഴ്പ്പെട്ടുനിൽക്കുന്ന ജനപ്രതിനിധിക്ക് അതിനൊപ്പം നീങ്ങാനേ പ്രാപ്തിയുണ്ടാകൂ.**

ള സംസ്ഥാനം. അടുത്തിടെയായി ഇന്റർനെറ്റും മൊബൈൽഫോണും സാമൂഹ്യ നെറ്റ് വർക്കുകളും സജീവം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലമാണ് കേരളത്തിന്റേത്. ഈ സ്ഥിതിയിൽരാഷ്ട്രീയ എതിരാളികളെ മോശമായി ചിത്രീകരിക്കാനുള്ള അജണ്ടകൾക്കും അതിലധിഷ്ഠിതമായ വിവാദങ്ങൾക്കുമാണ് മുൻതൂക്കം. അടിസ്ഥാന രാഷ്ട്രീയ പ്രശ്നങ്ങളും ജനകീയ വിഷയങ്ങളും പിന്തള്ളപ്പെടുന്നു. പലപ്പോഴും സത്യം മറയ്ക്കപ്പെടുന്നു. രാഷ്ട്രീയം വ്യക്തിയധിഷ്ഠിതമായി മാറിയതിന്റെയും ആഗോളീകരണവും മൂലധനശക്തികളുടെ ഇടപെടലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഘടനാപരമായി മാറ്റങ്ങൾ വരുന്നതിന്റെയും പ്രതിഫലനവും ഇതിലുണ്ട്.

**3**. സത്യസന്ധമെങ്കിൽ രാഷ്ട്രീയ കക്ഷികളുടെയും ജനങ്ങളുടെയും താൽപ്പര്യങ്ങൾ ഒന്നാകേണ്ടതാണ്. എന്നാൽ പാർട്ടിയെ നയിക്കുന്ന നേതാക്കളുടെ താൽപര്യങ്ങളാണ് പാർട്ടിയുടേതെന്ന നിലയിൽ പുറത്തുവരുന്നത്. ഇതു പലപ്പോഴും ജനങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാകും. പാർട്ടിക്കു കീഴ്പ്പെട്ടുനിൽക്കുന്ന ജനപ്രതിനിധിക്ക് അതിനൊപ്പം നീങ്ങാനേ പ്രാപ്തിയുണ്ടാകൂ. വി.പി. സിങ്ങിനെപ്പോലെ ജനതാൽപര്യങ്ങൾക്കൊപ്പം പോയവർ ചരിത്രത്തിലുണ്ട്. ജയപ്രകാശിനെപ്പോലെ ജനങ്ങൾക്കൊപ്പം നിന്ന് പൊരുതിയവർ. പണമുതലാളിത്തത്തിന്റെ ഇക്കാലത്ത് ജനങ്ങളെ മാത്രമല്ല പാർട്ടിയെതന്നെയും ഉപേക്ഷിച്ച് അധികാരത്തിന്റെയും പണത്തിന്റെയും സ്വന്തം ഇടങ്ങൾ നിർമ്മിക്കാൻ ജനപ്രതിനിധികൾക്ക് ഇന്ന് അനുകൂല സാഹചര്യങ്ങൾ ഏറെയാണ്. പ്രത്യേകിച്ചും തൂക്കുപാർലമെന്റെന്ന ഒരു കക്ഷിക്കോ ഒരു മുന്നണിക്കോ സ്വന്തമായി ഭൂരിപക്ഷമില്ലാത്ത അവസ്ഥ ഇന്ത്യയിൽ തുടരുകകൂടി ചെയ്യുമ്പോൾ. പാർട്ടി താൽപ്പര്യവും ജനതാൽപ്പര്യവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ രണ്ടു തോണിയിലും കാൽവെച്ചുനിൽക്കാൻ ശ്രമിക്കുന്ന ഒരാളുടെ പങ്കപ്പാട് കേരളത്തിൽ ഇപ്പോൾ നമ്മുടെ മുമ്പിലുണ്ട്. ഇരു താൽപര്യങ്ങളും തമ്മിലുള്ള സംഘട്ടനത്തിൽ ഒരു യഥാർത്ഥ ജനപ്രതിനിധി ജനപക്ഷത്താണ് നിൽക്കേണ്ടത്. ലക്ഷങ്ങളല്ല കോടികൾതന്നെ ചെലവിട്ട് നടക്കുന്ന തെരഞ്ഞെടുപ്പിൽ, മൂല്യങ്ങളും പൊതുസമർപ്പണവും കെട്ടുക്കൊണ്ടിരിക്കുന്ന ഒരു നാട്ടിൽ, ഇതിന്റെ സാധ്യത ആകാശകുസുമംപോലെയാണ്. ഇടയ്ക്കിടയ്ക്ക് തെരഞ്ഞെടുപ്പെന്നതു ഭയന്നാണ് മുന്നണി രാഷ്ട്രീയത്തിന്റെ സമ്മർദ്ദത്തിനും അഴിമതിക്കും വഴങ്ങുന്നതെന്നു പറയുന്ന, കണ്ണടച്ചു പാലുകുടിക്കുന്ന പൂച്ചയെപോലൊരു പ്രധാനമന്ത്രിയാണിന്ന് നമ്മുടെ ജനാധിപത്യഭരണക്രമത്തിന്റെ തലപ്പത്ത്.

**4**. ജനപ്രതിനിധിയുടെ പ്രവർത്തനങ്ങൾ കാലകാലങ്ങളിൽ മാത്രമല്ല ഓരോ ചുവടിലും വിലയിരുത്തപ്പെടേണ്ടതാണ്. തങ്ങളുടെ ആദേശത്തിനും താൽപ്പര്യത്തിനും എതിരായാണ് പ്രതിനിധിപ്രവർത്തിക്കുന്നതെന്നു തോന്നിയാൽ തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് ജനപ്രാതിനിത്യ നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കണം. ഒരു ജീവനെക്കാരനെ നിയമിക്കാനും സംരക്ഷിക്കാനും അധികാരമുള്ള തൊഴിലുടമയ്ക്ക് അയാളെ കാര്യകാരണ സഹിതം പിരിച്ചുവിടാനും അധികാരമുള്ളതുപോലെ. ജനപ്രതിനിധിയുടെ കാര്യത്തിൽ 50 ശതമാനത്തിലേറെ സമ്മതിദായകർ എതിരായി വോട്ടു ചെയ്താൽ ജനപ്രതിനിധി നിയമസഭയ്ക്കു പുറത്തുപോകണം. ജനപ്രതിനിധികളെ വിലയ്ക്കുവാങ്ങി ജനങ്ങളുടെ ജനഹിതത്തിനെതിരെ വിദേശ സാമ്പത്തിക നയങ്ങൾ പാർലമെന്റിൽപോലും ചർച്ചചെയ്യാതെ രാഷ്ട്രീയ നേതൃത്വങ്ങൾ മാറ്റം വരുത്തുന്ന സ്ഥിതി നിലവിലുണ്ട്. ഇത്തരം പ്രതിസന്ധികളിൽ മാത്രമല്ല 2ജി സ്പെക്ട്രം പോലുള്ള അഴിമതിപ്രശ്നങ്ങളിൽ സഭ സ്തംഭിപ്പിക്കുന്ന സ്ഥിതിയിൽ ഹിതപരിശോധനനടത്തി 60 ശതമാനം ജനങ്ങളുടെ പിന്തുണയില്ലെങ്കിൽ നയമാറ്റം പിൻവലിക്കുകയും ഗവണ്മെന്റ് രാജിവെക്കുകയും വേണം. ഇതിനും നിയമ ഭേദഗതി കൊണ്ടുവരണം.

**5**. പാരിസ്ഥിതിക പ്രശ്നങ്ങൾ ജനതയുടെയും ജനസംസ്ക്കാരത്തിന്റെയും നിലനിൽപ്പിന്റെതന്നെ പ്രശ്നമായിരിക്കുന്ന ദിവസങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. സുനാമി ബാധിച്ച ജപ്പാനിലെ ആണവകേന്ദ്രങ്ങളിലെ അപകടവും അണുവികിരണവും ലോക

ത്തിനാകെയുള്ള മുന്നറിയിപ്പാണ്. മഹാരാഷ്ട്രയിലെ ജെയ്താപൂരിൽ ആണവപദ്ധതിക്കെതിരെ ജനകീയ പ്രക്ഷോഭം നടക്കുന്നതിനിടയ്ക്കാണിത്. മൂലധനാധിഷ്ഠിതമായ വികസനത്തിന്റെ സുനാമിയാണ് ആഗോളീകരണത്തോടൊപ്പം ഇന്ത്യയിലേക്കും അടിച്ചുകയറുന്നത്. ഈ വികസനവും പാരിസ്ഥിതികപ്രശ്നങ്ങളും ഇരട്ടകളാണ്. ഇതിനെതിരായ ജനങ്ങളുടെ ചെറുത്തുനിൽപ്പുകൾ നിർണ്ണായകമാണ്. വികസനത്തിന്റെ പേരിലുള്ള കുടിയൊഴിപ്പിക്കലുകൾക്കെതിരെ കഴിഞ്ഞ ദിവസം വന്ന സുപ്രിംകോടതി വിധി വികസനത്തിനിരകളാകുന്നവരുടെ സാധ്യതകളിലേക്ക് വെളിച്ചം പകരുന്നു. പുത്തൻ സാമ്പത്തിക നയങ്ങൾക്കെതിരായ വിശാലമായ ചെറുത്തുനിൽപ്പു സമരങ്ങളോട് കൂട്ടിച്ചേർത്തു മാത്രമേ ഈ സാധ്യതകളുടെ വിജയം ഉറപ്പിക്കാനാകു.

**6**. കേരളത്തിന് അതിന്റെ സവിശേഷതകളും ചരിത്രപരമായ പ്രത്യേകതകളും ഉണ്ടെങ്കിലും 28 സംസ്ഥാനങ്ങളും 7 കേന്ദ്രഭരണപ്രദേശങ്ങളുമുള്ള ഇന്ത്യൻ യൂണിയൻ റിപ്പബ്ലിക്കിലെ ഒരു സംസ്ഥാനം മാത്രമാണ് കേരളമെന്നു മറന്നുകൂടാ. 120 കോടി ജനങ്ങളിൽ കഷ്ടി മൂന്നേകാൽ കോടി ജനങ്ങളും 38,863 ച. കിലോമീറ്റർ ഭൂമിയും മാത്രമുള്ള ഒരു കൊച്ചു പ്രദേശം. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾക്ക് വിധേയമായി സാമ്പത്തിക കൈകാര്യത്തിൽ നിയന്ത്രണവും വിവേചനവും നേരിടുന്ന, അഴിമതിയിലിഴുകി കെട്ടുനാറിക്കൊണ്ടിരിക്കുന്ന ഒരു പാർലമെന്ററി വ്യവസ്ഥയ്ക്കു കീഴിലാണു നാം. ഒരു മാതൃകാ കേരളം അഞ്ചു വർഷത്തെ ഒരു തെരഞ്ഞെടുപ്പു കുറിപ്പടിയിൽ ഒരു പാർട്ടിക്കും ഒരു മുന്നണിക്കും സൃഷ്ടിക്കുക സാധ്യമല്ല. അതിനാൽ വളരെ ചുഴിഞ്ഞും തെരഞ്ഞും ഓരോ മണ്ഡലാടിസ്ഥാനത്തിലും പ്രത്യേകം വിധി നിർണ്ണയിക്കപ്പെടേണ്ടതായിരിക്കുന്നു ഇത്തവണത്തെ കേരള തെരഞ്ഞെടുപ്പ്. എന്നാൽ പരിമിതിയിൽ നിന്നുകൊണ്ട് നേരും നെറിയുമുള്ള ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന ഒരു സുതാര്യ ജനപക്ഷഭരണക്രമം മഹാബലിയുടെ ഐതിഹ്യങ്ങൾ ഉറങ്ങുന്ന ഈ കേരളത്തിൽ സൃഷ്ടിക്കാനാകുമോ എന്നതാവണം നമ്മുടെ സ്വപ്നം. സാമൂഹ്യ നീതിക്കു വേണ്ടി ഫ്യൂഡലിസത്തിനും ജന്മിത്തത്തിനുമെതിരായി പൊരുതിപോന്നതാണു നമ്മുടെ പാരമ്പര്യം. അഴിമതിരഹിതമായ ഒരു മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന്റെ ശരാശരി മാതൃകയെങ്കിലും സൃഷ്ടിക്കാൻ ആ സ്വപ്നത്തിൽ ഇടമുണ്ടാകുമോ എന്നതാണ് പ്രശ്നം. അതിനു രൂപം നൽകാൻ പ്രപ്തമായ പ്രതിബദ്ധതയും വിശ്വാസ്യതയുമുള്ള രാഷ്ട്രീയമുന്നണികളോ പാർട്ടികളോ ഇപ്പോൾ നമ്മുടെ മുന്നിലില്ല എന്നതും വർത്തമാനചിത്രം. ഇതിനു വിരുദ്ധമായ താൽപര്യങ്ങളിൽ കുറ്റിയടിച്ചു കെട്ടപ്പെട്ടവയാണവ. എന്നാൽ പുതിയൊരിന്ത്യ-പുതിയൊരു കേരളം കൂടിചേർന്ന ഇന്ത്യ- പ്രതീക്ഷിക്കാനുള്ള അവകാശം കേരളീയരടക്കം ഇന്ത്യക്കാർക്കാകെയുണ്ട്. അതാരുടെയും സൗജന്യമല്ല. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭ ആദ്യം അംഗീകരിച്ചത് ഒരു ലക്ഷ്യപ്രമേയമാണ്. അതിനുവിധേയമാണ് നമ്മുടെ ഭരണഘടനയും ഭരണഘടനാസ്ഥാപനങ്ങളും. ഇവയോരോന്നും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിരവേറ്റുന്നതിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ആ ലക്ഷ്യപ്രമേയം നിർണ്ണായകമായി വരുന്നു. നമ്മുടെ ജനാധിപത്യം എവിടെയെത്തി ? എങ്ങോട്ടുപോകുന്നു ? എന്ന് യഥാർത്ഥത്തിൽ നിർണ്ണയിക്കാനുള്ള ഉരക്കല്ല് അതാണെന്ന് ഭരണഘടനാ നിർമ്മാതാക്കൾ വ്യക്തമാക്കിയിട്ടുള്ളതാണ്: 'പരമാധികാര സ്വതന്ത്ര ഇന്ത്യയുടെയും അതിന്റെ അവയവങ്ങളായ സർക്കാരിന്റെയും അധികാരം ജനങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നത്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, തുല്യപദവിയും, അവസരവും, നിയമത്തിനുമുമ്പിൽ എല്ലാവർക്കും ഉറപ്പാക്കാനും ലഭ്യമാക്കാനും ബാധ്യസ്ഥമാണ്. പൊതുധാർമ്മികതയ്ക്കും നിയമത്തിനും വിധേയമായി ചിന്തിക്കാനും അഭിപ്രായപ്രകടനത്തിനും വിശ്വാസത്തിനും ആരാധനയ്ക്കും തൊഴിലിനും, നിയമാനുസൃതം സംഘടിക്കാനും പ്രതികരിക്കാനും, അത് ഉറപ്പു നൽകുന്നു. ഈ ചിരപുരാതന രാജ്യത്തെ ലോകത്തിലെ അർഹമായ സ്ഥാനത്ത് എത്തിക്കാനും ലോകസമാധാനവും മാനവരാശിക്കാകെ ക്ഷേമം ഉറപ്പുവരുത്തലും അതിന്റെ ലക്ഷ്യമാണ്.'

**7**. ലക്ഷ്യപ്രമേയത്തിന്റെ ഈ കാതലാണ് ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിത്തറ. അതായി മാറണം ഇനി ജനകീയ പോരാട്ടങ്ങളുടെ കേന്ദ്ര ബിന്ദു. തെരഞ്ഞെടുപ്പും ഒരു നിർണ്ണായക പോരാട്ട രൂപമാണ്. ജനങ്ങൾ ഭരണഘടനയിലൂടെയും ഭരണഘടനാസ്ഥാപനങ്ങളിലൂടെയും ഏൽപ്പിച്ച അധികാരങ്ങൾ കവർന്നെടുക്കുകയും ജനങ്ങളോടുള്ള ബാധ്യത വിസ്മരിക്കുകയും ചെയ്യുന്നതിനെതിരെ ഓർമ്മപ്പെടുത്തലിന്റെയും തിരിച്ചുപിടിക്കലിന്റെയും ജനകീയ പോരാട്ടം പൊതുസമൂഹം ആരംഭിക്കേണ്ടതുണ്ട്.

**8**. തുല്യ നീതി പോകട്ടെ, വിശക്കുന്ന ജനതയുടെ എണ്ണം പെരുപ്പിക്കുന്ന, വിലക്കയറ്റത്തിന്റെയും ഭക്ഷ്യക്ഷാമത്തിന്റെയും കെടുതികളിലേക്കെറിയുന്ന, ആസൂത്രണവും വികസന നയങ്ങളുമാണ് രാജ്യത്തുള്ളത്. ഭക്ഷ്യ കമ്മിയും വിലക്കയറ്റവും സുനാമിപോലെ രാജ്യത്തെ വിഴുങ്ങാനിരിക്കുകയാണ് . അടിസ്ഥാനപ്രശ്നങ്ങൾ പരിഗണിക്കാത്ത ശതകോടീശ്വരന്മാരുടെയും കോർപ്പറേറ്റുകളുടെയും സ്വാധീനത്തിലൊതുങ്ങിയിരിക്കുന്ന പാർലമെന്റും ഗവണ്മെന്റുമാണ് നമുക്കെന്ന് കേന്ദ്രബജറ്റ് തെളിയിച്ചു. നാൽപ്പതു ലക്ഷം കുടുംബങ്ങൾക്ക് കുറഞ്ഞ വിലയിൽ രണ്ട് കിലോ അരി കൊടുക്കുന്നതിന് പണം നീക്കിവെക്കാത്ത ബജറ്റാണ് കേരളത്തിൽ പാസ്സാക്കിവെച്ചത്. ലോകമാകെ ഭക്ഷ്യക്ഷാമത്തിലേക്കും വിലക്കയറ്റത്തിലേക്കും നീങ്ങുകയാണ്. കൃഷിയെയും ഗ്രാമങ്ങളെയും അടിസ്ഥാനമാക്കി പിന്നോക്ക ദുർബല ജനവിഭാഗങ്ങൾക്കും സ്ത്രീകൾക്കും പരിസ്ഥിതിക്കും ജലലഭ്യതക്കും തീവ്രഊർജ്ജപദ്ധതികൾക്കും മുൻഗണന നൽകുന്നതാകണം വികസന നയം. സുതാര്യതയും ജനാധിപത്യവും ധാർമ്മികതയും ഉയർത്തിപ്പിടിക്കേണ്ട വിഷയങ്ങളാണ്. ഈജിപ്തിലെ ജനകീയ കാറ്റിന്റെ സ്വാധീനത്തിൽ നിന്ന് കേരളത്തിനും ഇന്ത്യക്കും ഏറെ അകന്നു നിൽക്കാൻ ആവില്ല. പശ്ചിമേഷ്യയിലേയും ഗൾഫ് നാടുകളിലേയും സംഭവവികാസങ്ങൾ ജനകീയപോരാട്ടത്തിന്റെ പുതിയ സാധ്യതകളാണ്. ഈ സാധ്യതകളെ ഏറ്റെടുക്കുന്നതിനുള്ള ചില ധ്രുവീകരണങ്ങൾ ഈ തെരഞ്ഞെടുപ്പു വിധിയുടെ അടിയൊഴുക്കുകളിലുണ്ടാകും. തീർച്ച.